വനിതാബോധിനി, നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ, കെ.ജി. & യു.പി.സ്കൂൾ, എന്നിവയുടെ അനുഗ്രഹകരമായ നടത്തിപ്പിനായും പ്രാർത്ഥിക്കുന്നു.

പ്രതി : ദൈവമേ, ഞങ്ങളുടെ യാചനകൾക്ക് ഉത്തരമരുളണമേ.

ലീഡർ : ദുസ്സഹമായ ജീവിത സാഹചര്യങ്ങളിലൂടെ കടന്നുപോകുന്നവർ, പീഡനങ്ങളിലും ചൂഷണങ്ങളിലും അകപ്പെടുന്ന കുട്ടികൾ, അരക്ഷിതമേഖലകളിൽ തൊഴിൽ ചെയ്യുന്നവർ, സുരക്ഷിതമല്ലാത്ത ഇടങ്ങളിൽ കഴിയേണ്ടി വരുന്ന ബാല്യകൗമാരങ്ങൾ, ഭേദമാകാത്ത രോഗങ്ങളാൽ ഭാരപ്പെടുന്നവർ, മനോരോഗികൾ, ചികിത്സ ലഭ്യമാകാത്തവർ, സാമ്പത്തിക ഭാരത്താൽ വലയുന്നവർ, ഭിന്നലിംഗക്കാർ, വയോവൃദ്ധർ, ഏകാകികൾ, പ്രിയപ്പെട്ടവരുടെ വേർപാടിൽ ദുഃഖിക്കുന്നവർ, അനാഥർ എന്നിവർക്കായി പ്രാർത്ഥിക്കുന്നു....

പ്രതി : ദൈവമേ, ഞങ്ങളുടെ യാചനകൾക്ക് ഉത്തരമരുളണമേ.

ലീഡർ : എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾ, നീതിക്കുവേണ്ടി നിലകൊണ്ട് ക്രൈസ്തവ മൂല്യം നിലനിർത്തുന്ന മതേതര സംഘടനകൾ, ജീവന്റേയും പരിസ്ഥിതിയുടേയും നിലനിൽപ്പിനും മനുഷ്യാവകാശത്തിനും വേണ്ടി പ്രവർത്തിക്കുന്നവർ, സാമൂഹ്യ വികസന പദ്ധതികൾ, സാക്ഷ്യ പ്രൊജക്ട്, തെള്ളിയൂർ പ്രത്യാശാ നിലയം, ലഹരി വിമോചന കേന്ദ്രങ്ങൾ, ആശുപത്രികൾ, തൊഴിലിടങ്ങൾ എന്നിവയ്ക്കായി പ്രാർത്ഥിക്കുന്നു...

പ്രതി : ദൈവമേ, ഞങ്ങളുടെ യാചനകൾക്ക് ഉത്തരമരുളണമേ.

## സമർപ്പണ പ്രാർത്ഥന

**(എല്ലാവരും ചേർന്ന്)**

ഞങ്ങളുടെ കർത്താവും ദൈവവുമേ, ദൈവരാജ്യ ശുശ്രൂഷയുടെ നിയോഗവും പദവിയും ഏറ്റെടുത്ത് ദൈവത്തിന് പ്രീതികരമായവ അന്വേഷിക്കുവാനും തമസ്സിന്റെ ശക്തികൾക്കെതിരെ പോരാടുവാനും പ്രകാശത്തിന്റെ ഫലങ്ങളായ സത്യം, നീതി, ദയ എന്നിവയാൽ നിറയപ്പെടുവാനും ക്രിസ്തു സ്നേഹം പങ്കുവെയ്ക്കുന്നവരോട് ചേർന്ന് നിന്ന് ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ പ്രചാരകരായി ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുവാനും ഞങ്ങളെ സമർപ്പിക്കുന്നു. ആമേൻ.



**മാർത്തോമ്മാ സുവിശേഷ സേവികാസംഘം**

# സേവികാ സംഘദിനം

**2019 സെപ്റ്റംബർ 8 ഞായർ**

*(മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടു കൂടിയത്)*

## ആരാധനക്രമം

പാട്ട് :

കൗമ്മാ :

അപേക്ഷ :

അനന്തമായ സ്നേഹത്താൽ ഞങ്ങളെ പൊതിഞ്ഞ്, കഴിഞ്ഞ 100 വർഷം സേവികാസംഘമായി നിലനിർത്തിയ കൃപകൾക്കായി സ്തോത്രം ചെയ്യുന്നു. അതുല്യരായി ഞങ്ങളെ മെനഞ്ഞ് പരിചയും പരിപാലകനും കോട്ടയും സംരക്ഷകനുമായിരുന്ന്, ദൈവരാജ്യശുശ്രൂഷകരായി ഞങ്ങളെ നിയോഗിക്കുകയും ആ ബോധ്യത്തിൽ നിലനില്പാൻ നിരന്തരം ശക്തീകരിക്കുകയും ചെയ്യുന്ന ദൈവമേ നിനക്കു സ്തുതി. ത്രിയേക ദൈവത്തിലുള്ള വിശ്വാസത്തിലും, യേശുക്രിസ്തുവിന്റെ ശരീരമായ സഭയുടെ കൂട്ടായ്മയിലൂടെ, ക്രിസ്തുവിലുള്ള പൂർണ്ണ ആളത്വത്തിലേക്കു വളരുവാനും ദൈവരാജ്യ ശുശ്രൂഷയിൽ പങ്കാളികളാകുവാനും ഞങ്ങളെ സഹായിക്കണമേ. സേവികാസംഘദിന ആരാധന തിരുനാമ മഹത്വത്തിനായി ഭവിക്കണമേ. യേശുവിന്റെ നാമത്തിൽ തന്നെ.

ജനം : ആമേൻ

## അനുതാപ പ്രാർത്ഥന

"ദൈവമേ, നിന്റെ ദയയ്ക്കു തക്കവണ്ണം എന്നോടു കൃപയുണ്ടാകണമേ. നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചു കളയണമേ" (സങ്കീ. 51 :1).

**'കാരുണ്യവാനേ, ഞങ്ങളോട് ക്ഷമിക്കണമേ'**

എന്ന് പ്രതിവാക്യമായി പറയണം.

ലീഡർ : ദൈവസ്നേഹം അളവില്ലാതെ പകരപ്പെടേണ്ടതാണെന്നും ഏവരും ക്രിസ്തുവിൽ തുല്യരാണെന്നു മനസ്സിലാക്കിയിട്ടും സമസൃഷ്ടികളെ സ്നേഹിക്കുന്നതിനും ചേർത്തുനിറുത്തുന്നതിനും വീഴ്ച വരുത്തി ഞങ്ങളുടെ വിളിക്ക് യോഗ്യമാംവണ്ണം ഫലം കായ്ക്കാതെ പോയ കുറവിനെ...

പ്രതി : കാരുണ്യവാനേ, ഞങ്ങളോട് ക്ഷമിക്കണമേ.

ലീഡർ : സ്ത്രീകൾ ദൈവരാജ്യ ശുശ്രൂഷയിൽ തുല്യപങ്കാളികൾ എന്ന് അറിഞ്ഞിട്ടും പോരായ്മകൾ നിരത്തി പ്രവർത്തനങ്ങളിൽ നിന്നും അകലം പാലിച്ചതും ക്രിസ്തുവിന്റെ ശിഷ്യത്വത്തെ തിരസ്കരിച്ച് പ്രബോധനങ്ങളെ മനസ്സോടെ സ്വീകരിക്കാതിരുന്നതുമായ കുറവിനെ....

പ്രതി : കാരുണ്യവാനേ, ഞങ്ങളോട് ക്ഷമിക്കണമേ.

ലീഡർ : വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും എന്ന് ധൈര്യപ്പെടുത്തുകയും ഉറപ്പിക്കുകയും ചെയ്തിട്ടും അവിശ്വാസവും കോട്ടവും ഉള്ള തലമുറയെപ്പോലെ ആരാധനയ്ക്കും തിരുവചന പഠനത്തിനും താല്പര്യമില്ലാതെയും ജീവിതത്തിൽ സാക്ഷ്യമില്ലാതെയും പോയത്.....

പ്രതി : കാരുണ്യവാനേ, ഞങ്ങളോട് ക്ഷമിക്കണമേ.

ലീഡർ : നിങ്ങളുടെ മക്കളെച്ചൊല്ലി കരവീൻ എന്നു ഞങ്ങളെ ഉദ്ബോധിപ്പിച്ചിട്ടും അന്ധകാരശക്തികളുടെ പിടിയിലമർന്നിരിക്കുന്ന തലമുറകളെ ഓർക്കുകയോ പ്രാർത്ഥിക്കുകയോ ചെയ്യാതെ ഭൗതികതയ്ക്ക് പ്രാധാന്യം നൽകി സ്വാർത്ഥരായി ജീവിച്ചു പോയത്.....

പ്രതി : കാരുണ്യവാനേ, ഞങ്ങളോട് ക്ഷമിക്കണമേ.

## സ്തോത്ര പ്രാർത്ഥന

"യഹോവയ്ക്കു സ്തോത്രം ചെയ്‌വീൻ, തൻ നാമത്തെ വിളിച്ചപേക്ഷിപ്പിൻ, അവന്റെ പ്രവർത്തികളെ ജാതികളുടെ ഇടയിൽ അറിയിപ്പീൻ" (സങ്കീ.105:1).

**"ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു"**

എന്നു പ്രതിവാക്യമായി പറയണം.

ലീഡർ : മാർത്തോമ്മാ സഭയുടെ അംഗീകൃത സ്ഥാപനയായി പ്രവർത്തിക്കുന്നതിനും സുവിശേഷഘോഷണത്തിലൂടെയും സഭാശുശ്രൂഷയിലൂടെയും ക്രൈസ്തവ സാക്ഷ്യം നിർവ്വഹിക്കുന്നതിനും അവസരം നൽകുന്ന മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കായും നേതൃത്വം നൽകുന്ന അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി, വലിയ മെത്രാപ്പോലീത്താ തിരുമേനി, എപ്പിസ്കോപ്പാ തിരുമേനിമാർ, പട്ടക്കാർ,സുവിശേഷകർ, ആത്മായ നേതാക്കൾ എന്നിവർക്കായും അവരിലൂടെ ലഭിക്കുന്ന ആത്മീയ ചൈതന്യത്തിനായും ദൈവമേ.....

പ്രതി : ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.



ലീഡർ : മാർത്തോമ്മാ സുവിശേഷ സേവികാസംഘ പ്രവർത്തനങ്ങൾക്കു കാലോചിതമായ നേതൃത്വം നൽകിയ തിരുമേനിമാർ, ഔദ്യോഗിക ഭാരവാഹികൾ, ഇപ്പോൾ നേതൃത്വം നൽകുന്ന അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ തിരുമേനി, വൈദികർ, സുവിശേഷകർ, ഔദ്യോഗിക ചുമതലക്കാർ, മാനേജിംഗ് കമ്മിറ്റിയംഗങ്ങൾ, ഓഫീസ് പ്രവർത്തകർ, ശാഖാ-സെന്റർ-ഭദ്രാസന-കേന്ദ്ര പ്രവർത്തകർ, ശാഖാ സംഘാംഗങ്ങൾ, സേവികാസംഘത്തിന്റെ പൂർണ്ണസമയ പ്രവർത്തകർ എന്നിവർക്കായും അവരിലൂടെ ലഭിക്കുന്ന എല്ലാ പ്രോത്സാഹനങ്ങൾക്കും സഹായ സഹകരണങ്ങൾക്കായും ദൈവമേ........

പ്രതി : ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.

ലീഡർ : സ്ത്രീ ശാക്തീകരണത്തിനും പങ്കാളിത്തത്തിനും വേണ്ടി നിസ്വാർത്ഥരായി പ്രവർത്തിക്കുന്ന സ്ത്രീരത്നങ്ങൾക്കായും, സമയം, കഴിവ്, ധനം, താലന്ത് എന്നിവകൾ കൊണ്ട് മറ്റുള്ളവരുടെ ഉന്നമനത്തിനായി അത്യദ്ധ്വാനം ചെയ്യുന്ന എല്ലാ വനിതകൾക്കായും അവർക്ക് പിന്തുണയും സാഹചര്യങ്ങളും നൽകുന്ന എല്ലാ സുമനസ്സുകൾക്കായും കുടുംബങ്ങൾക്കായും ദൈവമേ.....

പ്രതി : ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.

ലീഡർ : ക്രൈസ്തവ സഭയ്ക്കും വിശ്വാസികൾക്കും നേരെ ഭീഷണികളും വെല്ലുവിളികളും പീഡനങ്ങളും ഉയരുമ്പോൾ നിർമ്മല സുവിശേഷത്തിൽ വിശ്വസിക്കുവാനും നിലനിൽക്കുവാനും ലഭ്യമായ എല്ലാ അവസരങ്ങൾക്കായും മതേതര രാജ്യമായ ഭാരതത്തിനായും ദൈവമേ....

പ്രതി : ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.

## മദ്ധ്യസ്ഥ പ്രാർത്ഥന

"ദൈവമേ, എന്റെ പ്രാർത്ഥന ശ്രദ്ധിക്കണമേ; എന്റെ യാചനയ്ക്കു മറഞ്ഞിരിക്കരുതേ. എനിക്കു ചെവി തന്ന് ഉത്തരമരുളണമേ" (സങ്കീ. 55 :1)

**"ദൈവമേ, ഞങ്ങളുടെ യാചനകൾക്ക് ഉത്തരമരുളണമേ"**

എന്നു പ്രതിവാക്യമായി പറയണം.

ലീഡർ : സേവികാസംഘത്തിന്റെ പ്രവർത്തന മേഖലകളായ വനിതാമന്ദിരം, ശാലേംഭവനം, ബാലികാഭവൻ, സ്നേഹതീരം ഹാഫ്‌വേഹോം, വിശ്രാന്തി ഭവൻ, സ്ത്രീജന വികസന സമിതി, തയ്യൽശാല, ഹോസ്റ്റലുകൾ, അണക്കര, നിലമ്പൂർ, മൂക്കുതല, നെടുവാലൂർ എന്നീ മിഷൻ ഫീൽഡുകൾ, വനിതാമന്ദിരത്തിലൂടെ നടത്തപ്പെടുന്ന കോഴ്സുകൾ,

# വികസനവിഭാഗം

## സ്ത്രീജനവികസനസമിതി

- ലഹമ ബേക്കറി
- കറിപൗഡർ യൂണിറ്റ്
- ഓഫ്സെറ്റ് പ്രസ്സ്
- കാൻസ് യൂണിറ്റ് (കുർബ്ബാന അപ്പം, വീഞ്ഞ്)
- സ്നാക്സെന്റർ

# പ്രവർത്തനമേഖലകൾ

- ശാഖകൾ........................................................ 1000
- സെന്ററുകൾ................................................ 87
- ഭദ്രാസനങ്ങൾ............................................ 13
- സുവിശേഷ പ്രവർത്തകർ.................... 21
- വേലസ്ഥലങ്ങൾ........................................ 15

# ധനാഗമ മാർഗ്ഗങ്ങൾ

- സൗജന്യദാനം
- ഡപ്പി പിരിവ്
- ബാഹ്യകേരളമിഷൻ പിരിവ്
- വാർഷിക പിരിവ്
- ഒരു രൂപ ഒരു ദിനം
- സംഭാവനകൾ
- എൻഡോവ്മെന്റ്

## ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പ |
| വൈസ് പ്രസിഡന്റ് | : | ശ്രീമതി. മേരിക്കുട്ടി ജോർജ്ജ് |
| ജനറൽ സെക്രട്ടറി | : | ശ്രീമതി. മിനി ജോയ്സ് തോമസ് |
| ട്രഷറാർ | : | ശ്രീമതി മിനി റ്റി. അലക്സ് |

# മാർത്തോമ്മാ സുവിശേഷ സേവികാസംഘം

1919 2019

## സേവികാസംഘദിനം

2019 സെപ്റ്റംബർ 8

## സംഘവാരം

സെപ്റ്റംബർ 2–8

വിഷയം :

"സ്ത്രീകൾ ദൈവരാജ്യ ശുശ്രൂഷയിൽ തുല്യപങ്കാളികൾ"

(വി. മർക്കൊ. 14:3–9)

സൗജന്യദാനം

പ്രതീക്ഷിക്കുന്ന തുക: ₹.30,00,000


കത്തിടപാടുകൾക്ക്:–

ജനറൽ സെക്രട്ടറി

മാർത്തോമ്മാ സുവിശേഷ സേവികാസംഘം

മഞ്ഞാടി പി.ഒ., തിരുവല്ല–689 105

Ph: 0469-2630434, 2634324, 9447063043

email: sevsangam@gmail.com

## സംഘവാര പരിപാടികൾ

- പ്രാർത്ഥനയ്ക്കും വേദപഠനത്തിനും ഭവന സന്ദർശനത്തിനും സമയം വേർതിരിക്കുക.
- യംഗ് വിമൻസ് ഫെലോഷിപ്പിന്റെ ശാഖയിലെ പ്രവർത്തനങ്ങൾ സജീവമാക്കുക.
- സംഘദിനത്തിൽ യുവതികളെ ഉൾപ്പെടുത്തി "പുത്തൻ പുലരിയിൻ പുതുവഴിയിൽ" എന്ന (പെൺപാട്ടുകൾ സിഡി) ഗാനമാലപിച്ച് സ്തോത്ര കാഴ്ച സ്വീകരിക്കുക.
- ദൈവരാജ്യ ശുശ്രൂഷയിലെ സ്ത്രീകളുടെ തുല്യ പങ്കാളിത്തത്തിന്റെ വിവിധ മാനങ്ങളെക്കുറിച്ച് ശാഖാതലത്തിൽ പഠനങ്ങൾ ക്രമീകരിക്കുക.
- നിശബ്ദരാക്കപ്പെട്ട സ്ത്രീകളുടെ വിടുതലും ഉന്നമനവും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.
- 'പ്രകൃതി ജീവനവും, ആരോഗ്യപരിപാലനവും' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ബോധവത്കരണ ക്ലാസ്സുകൾ ക്രമീകരിക്കുക.

## സ്ഥാപനകൾ / പ്രവർത്തനങ്ങൾ

- വനിതാമന്ദിരം
  - ബൈബിൾ പഠനം
    പൗലൊസിന്റെ ജീവിതവും, ഉപദേശങ്ങളും
  - എക്സ്റ്റൻഷൻ പ്രോഗ്രാം
    മല്ലപ്പള്ളി ഈസ്റ്റ് & വെസ്റ്റ് സെന്റർ
  - ബൈബിൾ സ്റ്റഡി & ഹോം മാനേജ്മെന്റ്
  - ഏകദിനധ്യാനം (ആദ്യ ബുധനാഴ്ചകളിൽ)
  - പ്രീമാരിറ്റൽ കൗൺസിലിംഗ്
  - ദൈവശാസ്ത്ര ബിരുദധാരിണികളുടെ സമ്മേളനം
  - ബെറ്റർ ഹോം പരിശീലനം
- കാണ്ടമ്മ മെമ്മോറിയൽ സ്റ്റഡി & റിസേർച്ച് സെന്റർ
  - ബ്ലൂം ഫെസ്റ്റ്
    (15 – 18 വയസ്സ് പ്രായമുള്ള പെൺകുട്ടികൾക്കു മാത്രം)
  - പുസ്തക പ്രസിദ്ധീകരണം
  - കെല്ലവെ മെമ്മോറിയൽ ലൈബ്രറി
- വിശ്രാന്തിഭവൻ
- കെ. ജി. & യു. പി സ്കൂൾ, മഞ്ഞാടി
- പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ (ഗവ. അംഗീകൃതം) മഞ്ഞാടി
- നേഴ്സറി സ്കൂൾ (നെടുവാലൂർ, എരുമയൂർ, പാലക്കാട്)
- ശാലേം ഭവൻ, തിരുവല്ല
- ബാലികാഭവൻ ഇലന്തൂർ
- സ്നേഹതീരം ഹാഫ്‌വേഹോം, ഇലന്തൂർ
- സ്കൂൾ കൗൺസിലിംഗ് & ട്യൂഷൻ, മൂക്കുതല
- വനിതാഹോസ്റ്റൽ (തിരുവല്ല, കൊട്ടാരക്കര, പാലക്കാട്)
- ഉദുമൽപ്പേട്ട മിഷൻ (തയ്യൽസ്കൂൾ, ട്യൂഷൻ സെന്റർ)
- കുടുംബജ്യോതി കൗൺസിലിംഗ് സെന്റർ, തിരുവല്ല
- തയ്യൽവിഭാഗം
- പ്രസിദ്ധീകരണം : വനിതാബോധിനി

  തുടർപഠന പരമ്പര – 'ഭാരത ക്രൈസ്തവ ചരിത്രം'

  പഠനവിഷയം 2019 – 2020

  'അടിസ്ഥാനക്രിസ്തീയ വിശ്വാസം'
- കലാമത്സരം 2020 മെയ് 9

  ബൈബിൾ ക്വിസ് : നെഹെമ്യാവ്, വി. മർക്കൊസ് (75%)

  ബൈബിൾ പൊതുവിജ്ഞാനം, സേവികാസംഘ ചരിത്രം (25%)